# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1423** 07.06.2018 -ലെ മറുപടിയ്ക്ക്

**<u>സ്വാശ്രയ കോളേജ് വിദ്യാർത്ഥികളുടെ കരുതൽ ധനം ഡെപ്പോസിറ്റ്</u>**

*<u>ചോദ്യം</u>*

ശ്രീ. കെ. എം. ഷാജി :

*<u>ഉത്തരം</u>*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ കോളേജുകൾ വിദ്യാർത്ഥികളിൽ നിന്ന് കരുതൽ ധനം ഡെപ്പോസിറ്റ് ആയി സ്വീകരിക്കാറുണ്ടോ; | (എ) | സ്വകാര്യ സ്വാശ്രയ കോളേജുകൾ കരുതൽ ധനം സ്വീകരിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഇതുപോലെ സ്വാശ്രയ കോളജുകളിൽ നിന്ന് സർക്കാർ കരുതൽ ധനം സ്വീകരിക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് കെ.കെ.ദിനേശൻ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകൾ കരുതൽ ധനം വാങ്ങുന്നില്ല.. |
| (സി) | എങ്കിൽ ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അംഗീകരിച്ചിട്ടുണ്ടെങ്കിൽ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതുവഴി കഴിഞ്ഞ അദ്ധ്യയന വർഷം എത്ര തുക സർക്കാരിന് ലഭിച്ചിട്ടുണ്ട്; | (സി) (ഡി) & (ഇ) | ജസ്റ്റീസ് കെ.കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രതിവർഷം ഓരോ കോളേജിലും ചേരുന്ന ആകെ കുട്ടികളിൽ നിന്ന് കോളേജുകൾ കരുതൽ ധനം പിരിച്ചെടുക്കുന്നെങ്കിൽ ഇതിന് തുല്യമായ തുക കോളേജുകൾ പ്രതിവർഷം സർക്കാരിന് അടയ്ക്കണമെന്ന് വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | | |
| (ഇ) | എങ്കിൽ ഇത് സർക്കാരിന് പ്രസ്തുത കോളേജുകളിൽ വർഷാവർഷം സൗജന്യ ഫീസിൽ അർഹരായ വിഭാഗം കുട്ടികൾക്ക് പഠനസൗകര്യമൊരുക്കുന്നതിന് ഉപകരിക്കുമെന്നത് കണക്കിലെടുത്ത് ഈ രീതിയിൽ തീരുമാനം നടപ്പിലാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**